(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് നിർത്തിവച്ച സഭാനടപടികൾ രാവിലെ 10.00-മണിക്ക് പുനഃരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ യഥാർഥത്തിലുള്ളൊരു അന്വേഷണത്തെ അട്ടിമറിക്കാൻ വേണ്ടിയുള്ളതാണ്. (ബഹളം).... ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പ്രതിപക്ഷത്തിനും പ്രതിപക്ഷ നേതാവിനുമുള്ള മറുപടിയാണ്. .......(ബഹളം)....

മി. സ്പീക്കർ: മിനിസ്റ്റർ പറയുന്നത് കേൾക്കു. അതിനുശേഷം മറുപടി പറയൂ... യെസ്.... മിനിസ്റ്റർ പറയൂ...

ശ്രീ. പി. രാജീവ്: Sir, ഹൈക്കോടതി പറഞ്ഞു, “ These court, had in its earlier order made it abundantly clear that the officers constituting the SIT shall be directly answerable to this court and that

the investigation shall be conducted with the highest degree of discretion, integrity and confidentiality without indulging any information to the public or media.” ഈ അന്വേഷണം പൂർണ്ണമായും ഹൈക്കോടതിയുടെ മേൽനോട്ടത്തിലാണെന്നാണ് ഹൈക്കോടതി പറഞ്ഞത്. പൂർണ്ണമായും അതിനകത്ത് integrity-യും confidentiality-യുമുണ്ട്. ഹൈക്കോടതിക്കല്ലാതെ വേറൊരാൾക്കും ഇതുസംബന്ധിച്ച് ഒരു കാര്യവും റിപ്പോർട്ട് ചെയ്യാനാകില്ലെന്നാണ് ഈ വിധിയ്ക്കകത്ത് പറയുന്നത്. ഇതുകൂടാതെ ഹൈക്കോടതി പറഞ്ഞു, "We are inform that no information is being passed by SIT to any outsider and the investigation is kept highly confidential.” ഹൈക്കോടതി പിന്നെ പറയുകയാണ്, "ഇങ്ങനെയെല്ലാം ഞങ്ങൾ പറഞ്ഞിട്ടും .....disperse at clear directions. It is reported that the SIT is presently being subjected to unwarranted pressure.” ഇങ്ങനെ സത്യസന്ധമായി ഞങ്ങളല്ലാതെ മറ്റാരും ഈ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്നില്ലെന്നും, ഈ അന്വേഷണം അങ്ങേയറ്റം രഹസ്യമായാണ് നടക്കുന്നതെന്നുമൊക്കെ പറഞ്ഞിട്ടും ചിലർ ഈ കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് ഹൈക്കോടതി തന്നെ

പറയുകയാണ്. “ ....misleading, speculative and unfounded reports aired through sections of the mainstream media as well as social media platform.” തെറ്റായതും വഴിതിരിച്ച് വിടുന്നതുമായ കാര്യങ്ങൾ അന്വേഷണത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് ഹൈക്കോടതി പറയുന്നത് പ്രതിപക്ഷത്തെ സംബന്ധിച്ചാണ്. (ബഹളം......) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മീഡിയയോട് പറഞ്ഞു; പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഞങ്ങളുടെ നരേറ്റീവാണ് വർക്ക് ചെയ്തത്. ആ നരേറ്റീവ് എന്തായിരുന്നു? കൃത്രിമമായി സൃഷ്ടിച്ചതാണ്. ഈ അന്വേഷണത്തെ സംബന്ധിച്ച് ഹൈക്കോടതി പറയുന്നു; "certain narratives appear to have been deliberately casted.” തെറ്റായി വരുന്ന ഇത്തരത്തിലുള്ള കാര്യങ്ങൾ ബോധപൂർവം സൃഷ്ടിക്കുന്നതാണ്; ആര് സൃഷ്ടിക്കുന്നു? ഹൈക്കോടതി പറയുന്നു, പ്രതിപക്ഷം ബോധപൂർവം സൃഷ്ടിക്കുന്നു. എന്തിനുവേണ്ടി? അന്വേഷണത്തെ വഴിതിരിച്ചുവിടാൻ. പിന്നെ പറയുന്നു, “ making baseless imputations” അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഇൻവെസ്റ്റിഗേറ്റീവ് ഓഫീസേഴ്സിനെതിരെ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുകയുണ്ടായി ഉദ്യോഗസ്ഥരെ മുഖ്യമന്ത്രിയുടെ

ഓഫീസിൽനിന്ന് അതിനകത്ത് തിരുകി കയറ്റാൻ ശ്രമിച്ചു, എന്തിനുവേണ്ടി? വിവരങ്ങൾ ചോർത്തി കിട്ടാൻ വേണ്ടിയാണെന്ന് അദ്ദേഹം പറഞ്ഞു. അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന ഹൈക്കോടതി ഡിവിഷൻ ബഞ്ച് പറയുന്നു, “ inclusion of two additional officers in the team, it is stated that objections raised from certain quarters." ചില മേഖലകളിൽ നിന്ന് എതിർപ്പുകൾ ഉന്നയിക്കപ്പെട്ടു. അങ്ങിൽനിന്ന്, പ്രതിപക്ഷനേതാവിൽനിന്ന് എതിർപ്പുകൾ ഉന്നയിക്കപ്പെട്ടു. കോടതി പറയുന്നു, “ It is however reported that the officers concerned are competent, trustworthy and industrious." അവർ അങ്ങേയറ്റം സത്യസന്ധരും അതുപോലെ കഴിവുള്ളവരും ഈ അന്വേഷണത്തിന് അവിഭാജ്യമായ ഭാഗമാകേണ്ടിയിരുന്നവരാണ് അവർക്കെതിരെയാണ് പ്രതിപക്ഷനേതാവ് തെറ്റായ ആരോപണമുന്നയിച്ച് സമ്മർദത്തിലാക്കാൻ ശ്രമിച്ചതെന്ന് ഹൈക്കോടതി പറയുകയാണ് (ബഹളം.....). യഥാർഥത്തിൽ ഇവർ പറഞ്ഞ സ്വർണ്ണ കേസ് എങ്ങനെ വന്നു? ആഗോള അയ്യപ്പസംഗമത്തിന്റെ പശ്ചാത്തലത്തിൽ സ്വർണ്ണം കാണാനില്ലെന്ന പരാതി പബ്ലിക് ഡൊമൈനിലേക്ക് കൊണ്ടുവന്നതാരാണ്? പ്രതിപക്ഷമാണോ;

പ്രതിപക്ഷത്തിനുവേണ്ടി ആദ്യമായി സ്വർണ്ണം കാണാനില്ലെന്ന പരാതി കൊണ്ടുവരുന്നയാളിന്റെ പേരാണ് ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റി. അല്ലാതെ പോലീസോ, ഗവൺമെന്റോ അല്ല കൊണ്ടുവന്നത്. പ്രതിപക്ഷത്തിനുവേണ്ടി മാത്രം. ആഗോള അയ്യപ്പ സംഗമം സമൂഹത്തിനകത്ത് വലിയ തോതിലുള്ള സമ്മതിയുണ്ടാക്കിയപ്പോൾ അത് അട്ടിമറിക്കാൻ. അന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു ഞങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട്; ആര്? ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റി. അതുകൊണ്ട് സ്വർണ്ണം കട്ടിട്ടുള്ളതാരാണെന്ന് അറിയാവുന്ന ആളുകളാണ് ഈ ബാനറും പിടിച്ച് ഇവിടെ നിൽക്കുന്നത്. അന്ന് ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റി പറഞ്ഞു; സ്വർണ്ണത്തിന്റെ ഭാഗം കാണാനില്ല. പ്രതിപക്ഷം പിന്തുണച്ചു. സ്വർണ്ണത്തിന്റെ ഭാഗം എവിടെ നിന്നും കിട്ടി? ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റിയുടെ സഹോദരിയുടെ വീട്ടിൽ നിന്ന് കേരളത്തിലെ പോലീസ് പിടിച്ചെടുത്തപ്പോൾ അതിന്റെ ആദ്യത്തെ മഞ്ഞുമലയുടെ മുകൾ വശം പ്രത്യക്ഷമായി. ഞങ്ങൾ ഹൈക്കോടതിയിൽ പറഞ്ഞു; ഹൈക്കോടതിയുടെ മേൽനോട്ടത്തിലെ ഏതന്വേഷണത്തിനും ഞങ്ങൾ തയ്യാർ. ആ അന്വേഷണം ഇപ്പോൾ എവിടേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു? ലോകത്താദ്യമായി കോൺക്രീറ്റുള്ള സ്വർണ്ണ കൊടിമരം ചിതല് പിടിച്ചുവെന്ന് കണ്ടെത്തിയ അസാധാരണ

വൈഭവമുള്ളയാളുകളാണ് കോൺഗ്രസ്സുകാർ. അതെല്ലാം സമൂഹത്തിൽ ചർച്ച ചെയ്യും. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യത്തെ ദിവസം ഇവിടെ പറഞ്ഞത്; നിങ്ങളുടെ ഈ സമരം ഹൈക്കോടതിക്കെതിരാണ്. അപ്പോൾ പ്രതിപക്ഷനേതാവ് പറഞ്ഞത്; ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസ് വായിൽത്തോന്നിയത് പറഞ്ഞാൽ അതിനൊക്കെ വിലയുണ്ടോ? കേരളത്തിന്റെ ചരിത്രത്തിലിതുവരെ പൊതുചുമതല വഹിക്കുന്ന ഏതെങ്കിലുമൊരാൾ ഹൈക്കോടതിയെക്കുറിച്ചോ, ഹൈക്കോടതി ചീഫ് ജസ്റ്റീസിനെക്കുറിച്ചോ ഇത്രയും തരംതാണ അധിക്ഷേപം നടത്തിയിട്ടുണ്ടോ? ഇവിടെ ഹൈക്കോടതിയെ ഭയപ്പെടുന്നു. ഹൈക്കോടതി പ്രതിപക്ഷ നേതാവിനോട് ചോദിച്ചു; public interest ആണോ; publicity interest-ആണോ? ഈ publicity interest-ന്റെ നരേറ്റീവ് കേരളീയ സമൂഹം തിരിച്ചറിയും. വളരെ സത്യസന്ധമായി പ്രതിപക്ഷനേതാവ് പറഞ്ഞു; ഞങ്ങളുടെ നരേറ്റീവ് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പ്രവർത്തിച്ചു. അടുത്ത നരേറ്റീവ് ഞങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആ നരേറ്റീവ്, കൃത്രിമം നിറഞ്ഞ നരേറ്റീവ് കേരളത്തിൽ ചെലവാകില്ലെന്നുള്ളത് പ്രത്യേകമായി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... സഭയ്ക്കകത്ത് ഡയസ്സിലേക്ക് കയറാൻ ശ്രമിച്ച എം.എൽ.എ.-മാരുടെ നടപടി ശരിയായില്ല. (ബഹളം......)